**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 48** **10-02-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ബോർഡിന് കുടിശികയിനത്തിൽ കിട്ടാനുള്ള തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും ആയിരത്തോളം കോടിയിലേറെ രൂപ കുടിശികയിനത്തിൽ വൈദ്യുതി ബോർഡിന് പിരിഞ്ഞു കിട്ടാനുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. 31.12.2024-ലെ ഓഡിറ്റ് ചെയ്യപ്പെടാത്ത കണക്കുകൾ പ്രകാരം സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും (കേന്ദ്ര സർക്കാർ, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ) 757.09 കോടി രൂപ (പലിശ ഒഴികെ) വൈദ്യുതി ബോർഡ് ലിമിറ്റഡിന് പിരിഞ്ഞു കിട്ടാനുണ്ട്. ആയതിന്റെ വിശദാംശങ്ങൾ **അനുബന്ധം-1 ആയി** ചേർത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കുടിശിക പിരിച്ചെടുക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) | കുടിശ്ശിക വരുത്തുന്ന സർക്കാ സ്ഥാപനങ്ങളായ ആശുപത്രികൾ, പോലീസ് കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസുകൾ കൃഷി ഭവൻ ഉപഭോക്താക്കൾ ഇവയുടെ കണക്ഷൻ വിച്ഛേദിക്കാൻ ഗവൺമെന്റ് കമ്പനിയായ വൈദ്യുതി ബോർഡ് ലിമിറ്റഡിന പരിമിതിയുള്ളതിനാൽ ഇത്തരം കുടിശ്ശികകൾ സർക്കാർ ഇടപെടലിൽക്കൂട കാലാകാലങ്ങളിൽ തീർപ്പാക്കിവരുന്നു 12.03.2024-ലെ സ.ഉ (സാധാ)നം.45/2024 ഊ.വ ഉത്തരവ് പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ 31.10.2023 വരെയുള്ള വൈദ്യുതി കുടിശ്ശിക തുകയായ 2068.07 കോടി രൂപ (മുതൽ - 1728.47 കോടി പലിശ - 339.60 കോടി) തീർപ്പാക്കിയിട്ടുണ്ട് അതിൻപ്രകാരം 2024-25 സാമ്പത്തിക വർഷം മുതൽ 206.80 കോടി രൂപ വീത പത്ത് തുല്യ വാർഷിക ഗഡുക്കളായി കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട് 01.11.2023 മുതലുള്ള വാട്ടർ അതോറ്റിയുടെ വൈദ്യുതി കുടിശ്ശിക തീർപ്പാക്കുന്നതിന |

| | | | |
|---|---|---|---|
| | | | Escrow account തുടങ്ങുന്നതിനായ് 30.10.2023-ലെ സർക്കാർ ഉത്തരവ് പ്രകാര അനുമതി നൽകിയിട്ടുണ്ട്.<br><br>12.03.2024 ലെ സ.ഉ(കൈ)നം.30/2024/ധന ഉത്തര പ്രകാരം ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളുടെയു അനുബന്ധ സ്ഥാപനങ്ങളുടെയും 31.10.2023 വരെയുള്ള വൈദ്യുതി കുടിശ്ശിക തുകയായ 534.84 കോടി രൂപ (416.48 കോടി - മുതൽ 118.36 കോടി - പലിശ) തീർപ്പാക്കിയിട്ടുണ്ട്. |
| (സി) | നിലവിൽ വൈദ്യുതി ബോർഡിന് സ്വകാര്യ വ്യക്തികളിൽ നിന്നും സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും കുടിശിക കിട്ടാനുണ്ടോയെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | 31.12.2024 വരെയുള്ള ഓഡിറ്റ് ചെയ്യാത്ത കണക്കുകൾ പ്രകാരം സ്വകാര്യ. വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ **അനുബന്ധം -2 ആയി** ചേർത്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഇനത്തിലുള്ള കുടിശിക പിരിച്ചെടുക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | (ഡി) | കുടിശ്ശിക പിരിച്ചെടുക്കുന്നതിലേക്കായി സപ്ലൈ കോഡ് 2014 റെഗുലേഷൻ 138, 139 പ്രകാരം കുടിശ്ശിക വരുത്തുന്ന സ്ഥാപനങ്ങൾക്ക് (കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസുകൾ, പോലീസ്, ഗവൺമെന്റ് ആശുപത്രികൾ, കൃഷിഭവൻ ഉപഭോക്താക്കൾ എന്നിവ ഒഴികെ) കുടിശ്ശിക നോട്ടീസുകൾ നൽകുകയും തുടർന്നും അടവ് വരുത്താത്ത ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും, ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തു വരുന്നു. ഇത് കൂടാതെ വൈദ്യുതി ബോർഡ് കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ കൂടിയും കുടിശ്ശിക പിരിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം -1**

**31.12.2024-ലെ ഓഡിറ്റ് ചെയ്യപ്പെടാത്ത കണക്കുകൾ പ്രകാരം സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും (കേന്ദ്ര സർക്കാർ, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ) വൈദ്യുതി ബോർഡ് ലിമിറ്റഡിന് പിരിഞ്ഞു കിട്ടാനുള്ള തുക സംബന്ധിച്ച വിശദാംശങ്ങൾ**

| വകുപ്പ് | തുക കോടി രൂപയിൽ |
|---|---|
| സംസ്ഥാന സർക്കാർ വകുപ്പുകൾ | 74.94 |
| സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ (കേരള വാട്ടർ അതോറിറ്റി ഒഴികെ) | 158.56 |
| കേരള വാട്ടർ അതോറിറ്റി | 458.54 |
| പൊതു സ്ഥാപനങ്ങൾ | 22.56 |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 3.42 |
| കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങൾ | 1.67 |
| കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ | 37.40 |
| ആകെ | 757.09 |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം -2**

**31.12.2024 വരെയുള്ള ഓഡിറ്റ് ചെയ്യാത്ത കണക്കുകൾ പ്രകാരം സ്വകാര്യ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ**

| ഇനം | തുക കോടി രൂപയിൽ |
|---|---|
| ഗാർഹികം | 318.69 |
| സ്വകാര്യ ഉപഭോക്താക്കൾ | 1012.29 |
| കാപ്റ്റീവ് പവർ പ്രോജക്ട് | 59.34 |
| ഇന്റർ സ്റ്റേറ്റ് | 2.84 |
| ലൈസൻസി | 13.67 |
| മറ്റിനം | 0.14 |
| ആകെ | 1406.97 |

**സെക്ഷൻ ഓഫീസർ**

RG